**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 917** **06-10-2021 - ൽ മറുപടിയ്ക്ക്**

**കാസർകോട് ജില്ലയിലെ കാട്ടുപന്നി ശല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കാസർകോട് ജില്ലയിൽ കാട്ടുപന്നികളെ വെടിവെച്ച കൊല്ലാൻ വനം വകുപ്പ് നടപടി തുടങ്ങിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം നൽകാമോ; | (എ) | സ്വകാര്യ കൈവശ സ്ഥലത്തിറങ്ങി കൃഷിക്ക് ഭീഷണിയുയർത്തുന്ന കാട്ടുപന്നികളുടെ വ്യാപനം നിയന്ത്രിക്കുക എന്ന ഉദ്ദേശത്തോടെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അവയെ വെടിവെച്ച് കൊല്ലാൻ അനുമതി നൽകിവരുന്നുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ, തോക്ക് ലൈസൻസുള്ള, കാട്ടുപന്നികളെ വെടിവയ്ക്കാൻ സന്നദ്ധതയുള്ള വ്യക്തികൾക്കും, ഉദ്യോഗസ്ഥർക്കും, ടിയാന്മാരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ നിബന്ധനകൾക്ക് വിധേയമായി അനുമതി നൽകി വരുന്നുണ്ട്. കാസറഗോഡ് ജില്ലയിൽ നാളിതുവരെ 27 പേരെ ഇത്തരത്തിൽ എംപാനൽ ചെയ്തിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ 29-09-2021 വരെ വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ 4 കാട്ടുപന്നികളെ വെടിവെച്ചകൊന്നിട്ടുണ്ട്. |
| (ബി) | സംരക്ഷിത വനത്തിന്റെ 2 കിലോമീറ്റർ പരിധിയിലുള്ള സ്ഥലങ്ങൾ ഒഴിവാക്കിയിട്ടാണോ പ്രസ്തുത നടപടി എന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇത് കർഷകർക്ക് തിരിച്ചടിയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | സംരക്ഷിത വനത്തിന്റെ 2 കിലോമീറ്റർ പരിധിയിലുള്ള സ്ഥലങ്ങൾ ഒഴിവാക്കിയിട്ടില്ല. എന്നാൽ 2 കിലോമീറ്റർ പരിധിക്കുള്ളിൽ കാട്ടുപന്നികളെ വേട്ട ചെയ്യുന്നതിനായി വിഷ പ്രയോഗം, സ്പോടക വസ്തു പ്രയോഗം, വൈദ്യുതി ഷോക്ക് ഏൽപ്പിക്കൽ, കുരുക്കിട്ടു പിടിക്കൽ എന്നിവയ്ക്ക് അനുമതിയില്ല. |
| (സി) | കാട്ടുപന്നികൾ ഏറ്റവും കൂടുതൽ ഭീഷണി ഉയർത്തുന്ന പ്രദേശങ്ങളാണോ മാനദണ്ഡപ്രകാരം ഒഴിവാക്കുന്നത് എന്നുള്ള വസ്തുത പരിശോധിച്ചിട്ടുണ്ടോ; | (സി) | വനത്തിനു പുറത്ത് ജനവാസ കേന്ദ്രങ്ങളിൽ കാട്ടുപന്നികൾ ഭീഷണി ഉയർത്തുന്ന ഏതൊരു പ്രദേശത്തും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് വെടിവച്ചു കൊല്ലുന്നതിനുള്ള അനുമതി വനം വകുപ്പ് നൽകുന്നതാണ്. |
| (ഡി) | വനമേഖലയോട് ചേർന്ന രണ്ട് കിലോമീറ്റർ പ്രദേശങ്ങൾ പന്നികളുടെ സ്വാഭാവിക ആവാസ വ്യവസ്ഥയിൽപ്പെട്ടതാണോ എന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ കാട്ടുപന്നികളെ | (ഡി) | വിലയിരുത്തിയിട്ടുണ്ട്. സംരക്ഷിത വനത്തിന്റെ 2 കിലോമീറ്റർ പരിധിയിലുള്ള സ്ഥലങ്ങൾ ഒഴിവാക്കിയിട്ടില്ല. എന്നാൽ 2 കിലോമീറ്റർ പരിധിക്കുള്ളിൽ കാട്ടുപന്നികളെ വേട്ട |

| | | | |
|---|---|---|---|
| | വെടിവെച്ചുകൊല്ലാൻ തുടങ്ങിയ നടപടി ജില്ലയിലെ ഭൂരിഭാഗം കർഷകർക്കും ഗുണം ലഭിക്കില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | | ചെയ്യുന്നതിനായി വിഷ പ്രയോഗം, സ്പോടക വസ്തു പ്രയോഗം, വൈദ്യുതി ഷോക്ക് ഏൽപ്പിക്കൽ, കുരുക്കിട്ടു പിടിക്കൽ എന്നിവയ്ക്ക് അനുമതിയില്ല. |
| (ഇ) | ജില്ലയിൽ എത്ര തദ്ദേശ സ്ഥാപനങ്ങളിൽ വനമേഖലയുണ്ടെന്ന് പേരുവിവരസഹിതം വ്യക്തമാക്കാമോ? | (ഇ) | പനത്തടി, കള്ളാർ, ദേലംപാടി, കുറ്റിക്കോൽ. കാറഡുക്ക, മുളിയാർ, ബളാൽ, വെസ്റ്റ് എളേരി, ഈസ്റ്റ് എളേരി, കിനാനൂർ-കരിന്തളം, ബെള്ളൂർ, എൻമകജെ, ബൈഡഡുക്ക ഗ്രാമപഞ്ചായത്തുകളിൽ വനാതിർത്തി പങ്കിടുന്നു. കൂടാതെ വോർക്കാടി ഗ്രാമപഞ്ചായത്ത്, ബദിയുടക്ക ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ പരിമിതമായി തോതിലെങ്കിലും പ്രഖ്യാപിത വനമേഖലയുണ്ട്. കുമ്പള, കാസറഗോഡ് മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ കണ്ടൽ വനമേഖലയുമുണ്ട്. |

സെക്ഷൻ ഓഫീസർ